# കവിതയുടെ താക്കോൽ

അമ്മയെപ്പറ്റി കവിതയെഴുതിയപ്പോൾ
ഏതോ അജ്ഞാത ഗ്രാമത്തിൽ
വിയർത്തും തളർന്നും
ഒറ്റക്കു പണിയെടുക്കുന്നവളെങ്കിലും
ഉൾക്കരുത്തുള്ള ഒരു ഗ്രാമീണ
കർഷക സ്ത്രീയെയത്രെ കണ്ടത്,
വായനക്കാരൻ.

പുഴയെക്കുറിച്ചെഴുതിയപ്പോൾ
ഓർത്ത് സങ്കടപ്പെട്ടത്
ആമസോൺ കാടുകളെക്കുറിച്ചും
പൂമ്പാറ്റകളെക്കുറിച്ചുമത്രേ.

മഴയെക്കുറിച്ചെഴുതിയപ്പോൾ
കടലിനെക്കുറിച്ചോർത്തുവത്രെ
മകളെക്കുറിച്ചെഴുതിയപ്പോൾ
സൗമ്യയെയും
ക്രിസ്തുവിനെക്കുറിച്ചെഴുതിയപ്പോൾ
ഗാന്ധിയെയും
യൂദാസിനെക്കുറിച്ചായപ്പോൾ
ഗോഡ്സെയേയും
ബുദ്ധനെക്കുറിച്ചെഴുതിയപ്പോൾ
യതിയെയും
കിണറിനെക്കുറിച്ചെഴുതിയപ്പോൾ തവളയെയും
കാറ്റിനെക്കുറിച്ചെഴുതിയപ്പോൾ
സ്വാതന്ത്ര്യത്തെയും ഓർമ്മവന്നത്രെ.
വീടെന്നെഴുതിക്കണ്ടപ്പോൾ
വീണ്ടും അമ്മയെക്കുറിച്ചോർത്തുവത്രെ.
കവിതേ, നീ കുടിയിരിക്കുന്ന അറകളുടെ താക്കോലുകൾ
എപ്പോഴും മാറിപ്പോകുന്നതെന്തേ?
അഥവാ, ശരിയായതിട്ടു തുറക്കുന്നത്
നിന്നിലേക്കുള്ളതല്ലെന്നുണ്ടോ?

*****